**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1531** **04-07-2022 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി ബൈപ്പാസിനു വേണ്ടി സ്ഥലം നൽകിയ ജോൺ കുര്യന് നഷ്ടപരിഹാരം നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ കടുത്തുരുത്തി ബൈപ്പാസിനു വേണ്ടി സ്ഥലം വിട്ടു നൽകിയ വകയിൽ നഷ്ടപരിഹാരം കിട്ടാതായ ജോൺ കുര്യൻ, കാരുണ്യ, ചാലക്കുഴി റോഡ്, പട്ടം, തിരുവനന്തപുരം കേരളാ ഹൈക്കോടതിയിലും, കോട്ടയം അഡീഷണൽ സെഷൻസ് കോടതിയിലും കേസ്സ് നടത്തി അനുകൂല വിധി സമ്പാദിച്ചിട്ടും (ഐ.എ നം.1/2017 ഐ.എൻ.എൽ.എ.എ.നം.197/2017 ഇൻ ഹൈ കോർട്ട് ആന്റ് എൽ.എ.ആർ. നം.10/2014 ഇൻ അഡീഷണൽ സബോർഡിനേറ്റ് കോർട്ട് കോട്ടയം) നഷ്ടപരിഹാരം ലഭിക്കാത്ത സാഹചര്യം പരിശോധിച്ച് നഷ്ടപരിഹാരം ആയത് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) | കോട്ടയം ജില്ലയിൽ കടുത്തുരുത്തി ബൈപ്പാസിനു വേണ്ടി സ്ഥലം വിട്ടു നൽകിയ വകയിൽ നഷ്ടപരിഹാരം വർദ്ധിപ്പിച്ച് കിട്ടുന്നതിന് വേണ്ടി പ്രൊഫസ്സർ ജോൺ കുര്യൻ, CRRA.G.3 ചാലക്കുഴി റോഡ്, പട്ടം (പി.ഒ) തിരുവനന്തപുരം, കോട്ടയം സബ് കോടതിയിൽ എൽ.എ.ആർ 10/2014 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. ബഹു കോട്ടയം സബ് കോടതി അവാർഡ് തുകയേക്കാൾ 842% വർദ്ധന വരുത്തി നഷ്ടപരിഹാര തുക പുനർ നിർണ്ണയിച്ചിട്ടുള്ളതാണ്. പ്രസ്തുത വിധിക്കെതിരെ സർക്കാർ ബഹു. ഹൈക്കോടതിയിൽ 197/2017 നമ്പറായി ലാൻഡ് അക്വിസിഷൻ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതും 2 മാസത്തിനുള്ളിൽ വിധി തുകയുടെ 50% അടയ്ക്കണമെന്ന വ്യവസ്ഥയിൽ 2021 ഫെബ്രുവരി 4-ാം തീയതി ഇടക്കാല സ്റ്റേ അനുവദിച്ചിട്ടുള്ളതുമാണ്.<br><br>തുടർന്ന് 50% വിധി തുക ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിയായ കോട്ടയം പി.ഡബ്ല്യൂഡി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിരവധി തവണ ആവശ്യപ്പെട്ടെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. അർത്ഥനാധികാരി ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് 50% വിധി തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കടുത്തുരുത്തി ബൈപ്പാസിനു വേണ്ടി സ്ഥലം വിട്ടുകൊടുത്ത എല്ലാ സ്ഥല ഉടമകൾക്കും നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ടോ; ഇനി എത്ര പേർക്ക് ലഭിക്കാനുണ്ട്; ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | കടുത്തുരുത്തി ബൈപ്പാസിനു സ്ഥലം വിട്ടുനൽകിയിട്ടുള്ള എല്ലാ സ്ഥല ഉടമകൾക്കും നഷ്ടപരിഹാരം പൂർണ്ണമായും ലഭ്യമായിട്ടുണ്ട്. എന്നാൽ നഷ്ടപരിഹാരം വർദ്ധിപ്പിച്ച് കിട്ടുന്നതിന് വേണ്ടി ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ കേസുകളിൽ താഴെ പറയുന്ന കാരണത്താൽ പൂർണ്ണമായും തുക ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | | എൽ.എ.ആർ 72/13 നമ്പർ കേസിൽ വിധി തുകയുടെ ഭൂരിഭാഗവും അടച്ചിട്ടുള്ളതാണ്. എൽ.എ.ആർ 8/14, 12/15, 5/15, 11/15, 13/15, 82/13, 84/13, 10/14 എന്നീ കേസുകളിൽ 50% വിധി തുക അടയ്ക്കണമെന്ന വ്യവസ്ഥയോടെ ബഹു. ഹൈക്കോടതി ഇടക്കാല സ്റ്റേ അനുവദിച്ചെങ്കിലും വിധി തുക അർത്ഥനാധികാരിയിൽ നിന്നും ലഭ്യമാകാത്തതിനാൽ പ്രസ്തുത തുക നാളിതുവരെ അടക്കുവാൻ സാധിച്ചിട്ടില്ല. എൽ എ ആർ 04/15 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ടെങ്കിലും ഇടക്കാല സ്റ്റേ അനുവദിച്ച് നൽകിയിട്ടില്ല. ബാക്കി എൽ.എ.ആർ കേസുകളിൽ ഇടക്കാല സ്റ്റേ ഉത്തരവ് പ്രകാരം 50% വിധി തുക അടവ് വരുത്തിയിട്ടുണ്ട്. |
| (സി) | ജോൺ കുര്യന് നഷ്ടപരിഹാരം ലഭിക്കുന്നതിനായുള്ള ഫയൽ ചീഫ് എഞ്ചിനീയർ ഓഫീസിലും, പൊതുമരാമത്ത് വകുപ്പിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നമ്പർ ലഭ്യമാക്കാമോ; | (സി) | ഉണ്ട്. ചീഫ് എഞ്ചിനീയർ ഓഫീസിലെ ഫയൽ നമ്പർ CEPWD/2186/2022 FR5(F)-RD-ും പൊതുമരാമത്ത് വകുപ്പിലെ ഫയൽ നമ്പർ G1/144/2022/PWD ആണ്. |
| (ഡി) | ഹൈക്കോടതി വിധി ഉണ്ടായിട്ടും സ്ഥല ഉടമയ്ക്ക് നഷ്ടപരിഹാരം ലഭ്യമാക്കാത്ത സാഹചര്യം എന്താണെന്ന് വിശദീകരിക്കാമോ; എത്രയും വേഗം നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | 26/06/21, 14/09/21, 23/11/21, 31/03/22, 09/05/22 തീയതികളിലെ DCKTM/7836/2016-S2 നമ്പർ കത്തുകൾ പ്രകാരം തുക ലഭ്യമാക്കുന്നതിന് നിരവധി തവണ കോട്ടയം പി.ഡബ്ല്യൂഡി റോഡ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ജില്ലാ കളക്ടർ കത്തുകൾ നൽകിയിട്ടുള്ളതാണ്. അർത്ഥനാധികാരി ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് 50% വിധി തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ